# എബ്രായലേഖനത്തിന്റെ ജീവ-പഠനം

Sat →

## ദൂത് ഇരുപത്തൊമ്പത്

## നീതിയുടെ വചനവും ക്രിസ്തുവിന്റെ ആരംഭ വചനവും

ഈ ദൂതിലെ എന്റെ ഭാരം നീതിയുടെ വചനത്തിന്റെ അടിസ്ഥാന തത്ത്വമാണ്. എബ്രായർ 5:13 പറയുന്നു, "പാലിൽ നിന്ന് പങ്കുകൊള്ളുന്ന ഏവനും നീതിയുടെ വചനത്തിൽ അനുഭവജ്ഞാനമില്ലാത്തവൻ ആകുന്നു, അവൻ ശിശുവല്ലോ." അനേകം ക്രിസ്ത്യാനികൾ കൃപയുടെ വചനത്തെയും (പ്രവൃ. 14:3; 20:32), ജീവന്റെ വചനത്തെയും (ഫിലി. 2:16), ദൈവത്തിന്റെ നല്ല വചനത്തെപ്പോലും (എബ്രാ. 6:5) മനസ്സിലാക്കുന്നുണ്ടെങ്കിലും, നീതിയുടെ വചനം എന്താണെന്ന് അനേകർക്കും അറിയില്ല. വചനം എന്തുകൊണ്ട് നീതിയുടെ വചനമായിരിക്കണം? മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള മഹാപുരോഹിതനായി ക്രിസ്തുവിനെ സംസാരിക്കുന്ന സമയത്താണ് എഴുത്തുകാരൻ നീതിയുടെ വചനത്തെക്കുറിച്ച് പരാമർശിച്ചത്. ഈ ലേഖനത്തിന്റെ സ്വീകർത്താക്കൾ "കേൾവിക്കു മാന്ദ്യമുള്ളവരായിത്തീർന്നതിനാൽ", "വ്യാഖ്യാനിക്കുവാൻ വിഷമകരമായ" മൽക്കീസേദെക്കിനെ സംബന്ധിച്ച് അവന് "വളരെ പറയുവാൻ" ഉണ്ടായിരുന്നു (5:11). അവർ വളരെക്കാലമായി പഠിതാക്കളായിരുന്നു. 12-ഉം 13-ഉം വാക്യങ്ങളിൽ എഴുത്തുകാരൻ അവരെക്കുറിച്ച് പറഞ്ഞത്: "എന്തെന്നാൽ കാലം നോക്കിയാൽ ഉപദേഷ്ടാക്കന്മാരായി രിക്കേണ്ട നിങ്ങൾക്ക് ദൈവത്തിന്റെ അരുളപ്പാടുകളുടെ ആരംഭത്തിലെ ആദ്യപാഠങ്ങൾ എന്തെന്ന് ആരെങ്കിലും പിന്നെയും ഉപദേശിച്ചുതരുവാൻ ആവശ്യമായിരിക്കുന്നു, കട്ടിയുള്ള ആഹാരമല്ല പാലത്രേ നിങ്ങൾക്ക് ആവശ്യമായിത്തീർന്നിരിക്കുന്നത്." അവർ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടവരാണെങ്കിലും, ഈ ലേഖനം എഴുതുന്ന സമയത്തുപോലും അവരെ ആരെങ്കിലും പഠിപ്പിക്കുവാൻ ആവശ്യമായിരുന്നു. അവർ അപ്പോഴും ശിശുക്കളായിരുന്നു. "പാലിൽ നിന്ന് പങ്കുകൊള്ളുന്ന ഏവനും നീതിയുടെ വചനത്തിൽ അനുഭവജ്ഞാനമില്ലാത്തവൻ ആകുന്നു" (എബ്രാ. 5:13), എന്നതിനാൽ നീതിയുടെ വചനം, ശിശുക്കൾക്കല്ല, പക്വതയുള്ളവർക്കു വേണ്ടിയാണെന്നു നാം കാണുന്നു. ഇപ്പോൾ

അടിസ്ഥാനപരമായി നീതിയുടെ വചനം എന്താണെന്നു നാം ഈ ദൂതിൽ കാണണം.

## I. ദൈവത്തിന്റെ വചനം നമ്മുടെ പോഷണമാകുന്നു

നീതിയുടെ വചനത്തിന്റെ ഈ കാര്യം നമുക്ക് മനസ്സിലാകണമെങ്കിൽ, ആദ്യമായി ദൈവവചനം മുഖ്യമായും അറിവിനുവേണ്ടിയുള്ളതല്ലെന്ന് നമ്മുടെ ആഴത്തിൽ പതിഞ്ഞിരിക്കണം. വചനത്തിന്റെ ഈ ഹ്രസ്വ ഭാഗത്ത് (5:11-14), ഒരു വൈരുദ്ധ്യമുള്ളതായി തോന്നുന്നു. വാക്യം 12 "ഉപദേഷ്ടാക്കന്മാർ", "ഉപദേശിക്കുക" എന്നീ പദങ്ങൾ ഉപയോഗിക്കുന്നു. ഇത് തീർച്ചയായും അറിവിനെ സൂചിപ്പിക്കുന്നു. എന്നാൽ, ദൈവവചനം പോഷണത്തിനുവേണ്ടിയുള്ളതാണെന്ന് ഈ വാക്യങ്ങളിൽ വ്യക്തവും സ്പഷ്ടവുമായി സൂചിപ്പിച്ചിരിക്കുന്നു, കാരണം അവന്റെ വചനത്തെ പാലിനോടും കട്ടിയുള്ള ആഹാരത്തോടും സാദൃശ്യപ്പെടുത്തുന്നു. പാലും കട്ടിയുള്ള ആഹാരവും അറിവിനു വേണ്ടിയുള്ളതല്ല. ആളുകൾ അവയെ പഠിക്കുന്നില്ല; അവർ പോഷണമായി അവയെ കുടിക്കുകയും ഭക്ഷിക്കുകയും ചെയ്യുന്നു.

നമ്മുടെ ആവശ്യം കേവലം ഉപദേശങ്ങളല്ല, ആഹാരമാണെന്ന് വർഷങ്ങളായി ഞങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു. പലരും എന്നോട് തർക്കിച്ചു, "നമുക്ക് ഉപദേശം ആവശ്യമില്ലെന്ന് നിനക്കെങ്ങനെ പറയുവാൻ കഴിയും? വേദപുസ്തകം ഉപദേശത്തിന്റെ പുസ്തകമാണെന്ന് നീ വിശ്വസിക്കുന്നില്ലേ? നീ പോലും ആളുകളെ ഉപദേശിക്കുന്നു." അതെ, വേദപുസ്തകം ഉപദേശത്തിന്റെ പുസ്തകമാണ്, എന്നാൽ അത് മാനസികമായ അറിവിനുവേണ്ടി മാത്രം നമ്മെ ഉപദേശിക്കുന്നില്ല; അതിലെ ഉപദേശം നമുക്ക് ആഹാരം ശുശ്രൂഷിക്കുന്നു. വേദപുസ്തകത്തിന്റെ ലക്ഷ്യം നമ്മുടെ മാനസിക ഗ്രാഹ്യത്തിനും അറിവിനും വേണ്ടിയല്ല; അത് തികച്ചും നമ്മുടെ ആത്മിക സാക്ഷാൽക്കാരത്തിനും പോഷണത്തിനും വേണ്ടിയുള്ളതാണ്. കർത്താവായ യേശുവിന്റെ വാക്കനുസരിച്ച്, ദൈവത്തിന്റെ വചനങ്ങൾ നമുക്ക് ഭക്ഷിക്കുവാനുള്ളതാണ്. ജീവിക്കുന്നതിന് നാം ദൈവവചനത്തെ നമ്മുടെ ഭക്ഷണമായി എടുക്കണം. കർത്താവ് പിശാചിനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ അവൻ അവനോട്, "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിലൂടെ പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിക്കും" (മത്താ. 4:4) എന്നു പറഞ്ഞു. ദൈവവചനം നമ്മുടെ ഭക്ഷണമായിരിക്കുകയും, നാം അത് ദിവസവും ഭക്ഷിക്കുകയും അതിനാൽ ജീവിക്കുകയും വേണം. പഴയനിയമ കാലഘട്ടത്തിൽപോലും, യിരെമ്യാവ് പറഞ്ഞു, "ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു" (യിരെ. 15:16). ദൈവവചനം അറിവിനുവേണ്ടിയല്ല, പോഷണത്തിനു

വേണ്ടിയാണെന്ന് പ്രവാചകൻ മനസ്സിലാക്കി. മാത്രമല്ല, ദൈവവചനത്താൽ നമ്മെ പോഷിപ്പിക്കണമെന്നു മാത്രല്ല, മറ്റുള്ളവരെയും പോഷിപ്പിക്കണമെന്ന് പുതിയനിയമം നമ്മോടു പറയുന്നു. തന്റെ ദൈവവചന ശുശ്രൂഷയെക്കുറിച്ചുള്ള പൗലൊസിന്റെ ആശയം പോഷിപ്പിക്കുക എന്നതായിരുന്നു. അവൻ കൊരിന്ത്യരെ പാൽകൊണ്ട് പോഷിപ്പിക്കുകയും, അവർക്ക് കട്ടിയുള്ള ആഹാരം നൽകുവാൻ ആഗ്രഹിക്കുകയും ചെയ്തു (1 കൊരി. 3:2). അതുകൊണ്ട്, വേദപുസ്തകത്തിന്റെ അടിസ്ഥാന തത്ത്വമനുസരിച്ച്, ദൈവവചനം അറിവിനേക്കാൾ പോഷണത്തിനു വേണ്ടിയുള്ളതാണ്.

## II. പാൽ

വേദപുസ്തകംതന്നെ ദൈവത്തിന്റെ വചനത്തെ രണ്ടു ഭാഗങ്ങളായി തിരിക്കുന്നു—ശിശുക്കൾക്കുള്ള പാലും, പക്വതയുള്ള വർക്കുള്ള കട്ടിയുള്ള ആഹാരവും (5:12-13). കൊരിന്ത്യർ ശിശുക്ക ളായിരുന്നതുകൊണ്ട് അവർക്ക് പാൽ മാത്രമേ കൊടുക്കുവാൻ കഴിഞ്ഞുള്ളൂവെന്ന് പൗലൊസ് അവരോടു പറഞ്ഞു (1 കൊരി. 3:1-2); പത്രൊസും അതേ ആശയം പിടിച്ചുകൊണ്ട് പറഞ്ഞു, "നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛിക്കുവിൻ" (1 പത്രൊ 2:3). എബ്രായർ 5:12-ൽ പാൽ "ദൈവത്തിന്റെ അരുളപ്പാടുകളുടെ ആരംഭത്തിലെ ആദിപാഠങ്ങളെ" സൂചിപ്പിക്കുന്നു. "ആദിപാഠങ്ങൾ" എന്നു വിവർത്തനം ചെയ്തിരിക്കുന്ന യവനപദത്തെ പ്രാഥമിക കാര്യങ്ങളെ സൂചിപ്പിക്കുന്ന "പ്രാഥമിക മൂലകങ്ങൾ" എന്നും വിവർത്തനം ചെയ്യാം. ഉദാഹരണത്തിന്, ഇംഗ്ലീഷ് അക്ഷരമാലയിലെ ഇരുപത്താറ് അക്ഷരങ്ങളും ഒന്നു മുതൽ പത്തു വരെയുള്ള അക്കങ്ങളും പഠിക്കുന്നത് ആദിപാഠങ്ങളാണ്. നിങ്ങൾ കുട്ടികളോട് തത്ത്വജ്ഞാനപരമായ രീതിയിൽ സംസാരിക്കുകയാണെങ്കിൽ, അവർക്ക് മനസ്സിലാക്കുവാൻ കഴിയുകയില്ല. അടുത്തിടെ, എന്റെ പേരക്കുട്ടികളിലൊരുവൻ L E E എന്ന അക്ഷരങ്ങൾ അവന് എങ്ങനെ എഴുതാൻ കഴിഞ്ഞുവെന്ന് എന്നെ കാണിക്കുവാൻ സന്തോഷമായിരുന്നു. അവന്റെ പ്രാഥമികമായ "മിഠായികളിൽ" അവൻ വളരെ സന്തോഷവാനായിരുന്നു.

ആത്മിക അക്ഷരമാലയിലെ അക്ഷരങ്ങൾ എഴുതുവാൻപോലും കഴിയാത്ത അനേകം പ്രായംചെന്ന ശിശുക്കൾ ക്രിസ്തുമതത്തി ലുണ്ട്. മത്തായി 25-നെക്കുറിച്ച് നിങ്ങൾ അവരോട് സംസാരിക്കു കയാണെങ്കിൽ, അവർ പറയും, "ഓ, അതു വളരെ പ്രയാസമാണ്. ഞാൻ വീണ്ടെടുക്കപ്പെടുകയും മരിക്കുമ്പോൾ സ്വർഗത്തിലേക്കു പോകുകയും ചെയ്യുന്നിടത്തോളം അത് ധാരാളമാണ്." അവർ "മിഠായി കഷ്ണങ്ങൾ" കൊണ്ട് സംതൃപ്തരാണ്. അവർക്ക്

ദൈവത്തിന്റെ അരുളപ്പാടുകളുടെ ആരംഭത്തിലെ ആദിപാഠങ്ങൾ മാത്രമേ എടുക്കുവാൻ കഴിയുകയുള്ളൂ, കട്ടിയുള്ള ആഹാരം പറ്റില്ല.

5:12-ലെ "ദൈവത്തിന്റെ അരുളപ്പാടുകളുടെ ആരംഭത്തിലെ ആദിപാഠങ്ങൾ" 6:1-ലെ "ക്രിസ്തുവിന്റെ ആരംഭവചനം" ആണ്. ഇവ എബ്രായലേഖനത്തിൽ കാണപ്പെടുന്ന സവിശേഷമായ പദപ്രയോഗങ്ങളാണ്. നിങ്ങളുടെ വിദ്യാഭ്യാസംപോലെ ക്രിസ്തുവിനും ഒരു ആരംഭമുണ്ട്. ചില കൊച്ചുകുട്ടികൾക്ക് പത്തു വരെയുള്ള അക്കങ്ങൾ മാത്രമേ അറിയൂ, ലളിതമായ അക്കങ്ങൾ കൂട്ടുവാൻപോലും അവർക്കു കഴിയുന്നില്ല. അതുപോലെ, നമ്മുടെ ആത്മിക വിദ്യാഭ്യാസത്തിൽ ക്രിസ്തുവിനെക്കുറിച്ചുള്ള ആരംഭ വചനമുണ്ട്. പല ക്രിസ്ത്യാനികൾക്കും പറയുവാൻ കഴിയുന്നത് ഇതു മാത്രമാണ്, "ക്രിസ്തു എനിക്കുവേണ്ടി മരിച്ചു. ഞാൻ ഒരു പാപിയായതുകൊണ്ട് നരകത്തിൽ പോകണമായിരുന്നു, എന്നാൽ ദൈവം എന്നെ സ്നേഹിക്കുകയും എന്റെ പാപങ്ങൾക്കുവേണ്ടി ക്രൂശിൽ മരിക്കുവാൻ യേശുവിനെ അയയ്ക്കുകയും ചെയ്തു. ഇപ്പോൾ ഞാൻ അവനിൽ വിശ്വസിക്കുന്നു, അങ്ങനെ ഞാൻ രക്ഷിക്കപ്പെട്ടു." ഇതാണ് ക്രിസ്തുവിനെക്കുറിച്ചുള്ള ആരംഭ വചനം. ഇന്ന് മിക്ക ക്രിസ്ത്യാനികളുടെയും ഇടയിലുള്ള സാഹചര്യം എത്ര മോശമാണ്! മനുഷ്യാത്മാവും പരിശുദ്ധാത്മാവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻപോലും അവർക്കു കഴിയുന്നില്ല. "ആത്മാവ്" എന്ന പദം കാണുമ്പോഴെല്ലാം അവർ അത് പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നതായി എടുക്കുന്നു. കൂടാതെ, പരിശുദ്ധാത്മാവിനെ സംബന്ധിച്ച്, "ജീവൻ നൽകുന്ന ആത്മാവ്" എന്ന പ്രയോഗം അവർക്കു പരിചിതമല്ല. അവരിൽ അനേകരും ഇതിനെക്കുറിച്ച് കേൾക്കുവാൻപോലും ആഗ്രഹിക്കുന്നില്ല. ഒടുക്കത്തെ ആദാം ജീവൻ നൽകുന്ന ആത്മാവായിത്തീർന്നു വെന്നു പറയുന്ന 1 കൊരിന്ത്യർ 15:45 അവർ വായിക്കുമ്പോൾ, അവർ കണ്ണുകൾ മൂടി അതിനെ കടന്നുപോകുന്നുവെന്നു തോന്നുന്നു. നിങ്ങളുടെ തിരുവെഴുത്തു വായനയിൽ നിങ്ങളും നിരവധി വാക്യങ്ങളെ കടന്നുപോയിട്ടില്ലേ? മത്തായിയുടെ സുവിശേഷത്തിലെ ആദ്യത്തെ പതിനേഴു വാക്യങ്ങൾ നിങ്ങളിൽ പലരും ഒഴിവാക്കിയിട്ടുണ്ടെന്ന് എനിക്കുറപ്പുണ്ട്. ഒരുപക്ഷേ സഭാജീവിതത്തിലേക്കു വരുന്നതിനുമുമ്പ് നിങ്ങൾ ഈ വാക്യങ്ങൾക്ക് ഒരിക്കലും ശ്രദ്ധ നല്കിയിട്ടുണ്ടാവില്ല. പുതിയനിയമം വായിക്കുവാൻ മറ്റുള്ളവർ നിങ്ങളെ ഉപദേശിച്ചപ്പോൾ മത്തായി 1:18 മുതൽ വായിക്കാൻ നിങ്ങളോടു പറഞ്ഞിരിക്കാം. എന്നിട്ട് നിങ്ങൾ വിദ്വാന്മാരുടെ സന്ദർശനത്തെ സംബന്ധിച്ചു പറഞ്ഞിരിക്കുന്ന രണ്ടാം അധ്യായത്തിൽനിന്ന് അല്പവും യേശുവിന്റെ സ്നാനത്തെ സംബന്ധിച്ച മൂന്നാം അധ്യായവും വായിച്ചിരിക്കാം. ഒരുപക്ഷേ ഗ്രഹിക്കുവാൻ പ്രയാസമുള്ള പതിമൂന്നും ഇരുപത്തിനാലും

ഇരുപത്തഞ്ചും പോലുള്ള അധ്യായങ്ങൾ നിങ്ങൾ ഒഴിവാക്കിക്കൊണ്ട്, ഇരുപത്താറാം അധ്യായത്തിന് അല്പം ശ്രദ്ധ നൽകിയിരിക്കാം. ഇരുപത്തേഴാം അധ്യായത്തിൽ ക്രൂശിക്കപ്പെട്ട യേശുവിനുവേണ്ടി നിങ്ങൾ അല്പം കണ്ണുനീർ പൊഴിക്കുകയും ഇരുപത്തെട്ടാം അധ്യായത്തിൽ അവൻ ഉയിർത്തെഴുന്നേറ്റു എന്നു കേട്ടപ്പോൾ നിങ്ങൾ സന്തോഷിക്കുകയും ചെയ്തിരിക്കാം. മത്തായിയുടെ അവസാനത്തിലേക്കു വന്നപ്പോൾ, മത്തായി കർത്താവായ യേശുവിന്റെ ആരോഹണത്തെക്കുറിച്ചു പറയുന്നില്ലെങ്കിൽപോലും, അവൻ സ്വർഗത്തിലേക്ക് ആരോഹണം ചെയ്തതായി നിങ്ങൾ ചിന്തിച്ചു: നിങ്ങളുടെ പാരമ്പര്യ ചിന്താഗതിയനുസരിച്ച്, ക്രിസ്തു സ്വർഗാരോഹണം ചെയ്യുന്നതിനെക്കുറിച്ച് നിങ്ങൾ ഒരു അധിക കാര്യം കൂട്ടിച്ചേർത്തു. ഈ രീതിയിലാണ് ഇന്ന് അനേകം ക്രിസ്ത്യാനികളും വേദപുസ്തകത്തെ മനസ്സിലാക്കുന്നത്.

ഒരു വേദപുസ്തകം മാത്രമേയുള്ളൂ. എങ്കിലും, മിക്കവാറും എല്ലാ ക്രിസ്ത്യാനികൾക്കും വേദപുസ്തകത്തിന്റെ അവരവരുടേതായ ഒരു പതിപ്പുണ്ട്. ഇത് ദൈവം വെളിപ്പെടുത്തിയതുപോലെ കറുപ്പും വെളുപ്പുമായ അക്ഷരങ്ങളിൽ അച്ചടിച്ച വേദപുസ്തകമല്ല: ഇത് അവരുടെ ചിന്താഗതിയനുസരിച്ച് അച്ചടിച്ച "വേദപുസ്തകം" ആണ്. അവർക്ക് തിരുവെഴുത്തുകളെക്കുറിച്ചുള്ള അവരുടെ സ്വന്തം മാനസിക പതിപ്പുണ്ട്. വളരെ കുറച്ചു ക്രിസ്ത്യാനികൾ മാത്രമേ ദൈവത്തിന്റെ കട്ടിയുള്ള വചനത്തെക്കുറിച്ച് കരുതുന്നുള്ളൂ. അവർ ആദിപാഠങ്ങളെ, ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനത്തെ മാത്രമേ എടുക്കുന്നുള്ളൂ. ആദ്യവചനം തെറ്റല്ലെന്നു പറഞ്ഞുകൊണ്ട് എന്നോടു ചിലർ തർക്കിക്കുമായിരിക്കും. തീർച്ചയായും അതു തെറ്റല്ല, എന്നാൽ അതു കേവലം A B C ആണ്. നാം മുമ്പോട്ടു പോകേണ്ടതുണ്ട്!

ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം ദൈവത്തിന്റെ നല്ല വചനമാണ് (6:5). നാമെല്ലാവരും ഈ നല്ല വചനം ആസ്വദിച്ചിട്ടുണ്ട്. നിത്യജീവനെക്കുറിച്ചു പറയുന്ന യോഹന്നാൻ 3:16-ഉം റോമർ 6:23-ഉം, നല്ല വചനത്തിന്റെ ഉദാഹരണങ്ങളാണ്. എന്നാൽ നിത്യജീവൻ സ്വർഗീയ ഉല്ലാസദേശത്തിലെ അനുഗ്രഹവും സന്തോഷവുമാണ് എന്ന അർഥത്തിൽ എടുത്തുകൊണ്ട് പല ക്രിസ്ത്യാനികളും ഈ വാക്യങ്ങളെ തെറ്റായി വ്യാഖ്യാനിക്കുന്നു. ദൈവവചനം മനസ്സിലാക്കുന്നതിൽ എത്രമാത്രം ദാരിദ്ര്യം! ദൈവത്തിന്റെ വിശുദ്ധ അരുളപ്പാടുകളോട് ഇടപെടുന്ന രീതി എത്ര പരിതാപകരം! ഇക്കാരണത്താലാണ് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ സമ്പന്നവും ഉന്നതവും ആഴമേറിയതുമായ വചനം വിടുവിക്കുന്നതിനായി നാം ഭാരമുള്ളവരായിരിക്കുന്നത്. തന്റെ കരുണയിൽ കർത്താവ് തന്റെ വചനം നമുക്കു തുറന്നു കൊണ്ടിരിക്കുന്നു.

വചനത്തിന്റെ ഈ ഭാഗത്ത്, പാൽ പരാമർശിക്കുന്നത് ദൈവത്തിന്റെ അരുളപ്പാടുകളുടെ ആരംഭത്തിലെ ആദിപാഠങ്ങളെയും ക്രിസ്തുവിനെക്കുറിച്ചുള്ള ആരംഭ വചനത്തെയും ആണെന്ന് ദയവായി ഓർത്തിരിക്കുക. നാമെല്ലാവരും, പ്രത്യേകിച്ച് ചെറുപ്പക്കാർ, ഈ പദപ്രയോഗങ്ങളിൽ പരിചിതരായിത്തീരുകയും നമ്മുടെ കൂട്ടായ്മകളിൽ അവയെ ഉപയോഗിക്കുകയും ചെയ്യട്ടെ. നമുക്കെല്ലാവർക്കും ഒരു പുതിയ പദാവലി ആവശ്യമാണ്. നാം പഴയ മതപരമായ പദാവലിയിൽ തുടരരുത്, മറിച്ച് ഒരു പുതിയ സംഭാഷണരീതിയിലേക്ക് നദി മുറിച്ചുകടക്കുകയും ദൈവത്തിന്റെ നിർമലമായ വചനത്തിൽ കാണുന്ന പദങ്ങളും പദപ്രയോഗങ്ങളും ഉപയോഗിക്കുകയും ചെയ്യുക.

## III. കട്ടിയുള്ള ആഹാരം

പക്വതയുള്ളവർക്കുള്ള കട്ടിയുള്ള ആഹാരം നീതിയുടെ വചനത്തെയാണു സൂചിപ്പിക്കുന്നത് (5:14; 1 കൊരി. 3:2). കൃപയുടെ വചനത്തെയും ജീവന്റെ വചനത്തെയും വിവേചിച്ചറിയുന്നതിനെക്കാൾ ബുദ്ധിമുട്ടാണ് നീതിയുടെ വചനത്തെ വിവേചിച്ചറിയുന്നത്. നീതി എപ്പോഴും പരാമർശിക്കുന്നത് ദൈവത്തിന്റെ ഭരണകൂടത്തെയും ഭരണപരമായ ഇടപെടലുകളെയുമാണ്. മുഴുവൻ എബ്രായലേഖനവും പരിശോധിച്ചശേഷം, അത് ക്രിസ്തുവിനെക്കുറിച്ച് ഉയർന്ന തലത്തിലുള്ള ഒരു അനാവരണം മാത്രമല്ല, തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനിടയിലുള്ള ദൈവത്തിന്റെ ദിവ്യഭരണകൂടത്തെക്കുറിച്ചുമാണെന്ന് ഞാൻ കണ്ടെത്തി. ഉദാഹരണത്തിന്, 10:31 പറയുന്നു, "ജീവനുള്ള ദൈവത്തിന്റെ കരങ്ങളിലേക്ക് വീഴുന്നത് ഭയാനകം ആകുന്നു." കൂടാതെ, "നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാകുന്നു" എന്ന് 12:29 പറയുന്നു. "കർത്താവ് തന്റെ ജനത്തെ വിധിക്കും" എന്ന് 10:30-ൽ നമ്മോട് പറഞ്ഞിരിക്കുന്നു. ഇതുപോലുള്ള വാക്യങ്ങൾ എബ്രായലേഖനത്തിലുടനീളം കാണാം. ഈ പുസ്തകത്തിലെ അഞ്ചു മുന്നറിയിപ്പുകളും അടിസ്ഥാനപ്പെട്ടിരിക്കുന്നത്, എബ്രായലേഖനത്തിൽ ദൈവം സ്നേഹത്തിന്റെ ദൈവമല്ല, തന്റെ ജനവുമായുള്ള ഭരണപരമായ ഇടപെടലുകളിൽ ദഹിപ്പിക്കുന്ന അഗ്നിയായ, നീതിയുടെ ദൈവമാണെന്ന വസ്തുതയിന്മേലാണ്. എബ്രായലേഖനം ദൈവത്തിന്റെ സ്നേഹത്താൽ അല്ല നിർമിച്ചിരിക്കുന്നത്; അത് അടിസ്ഥാനപരമായി ദൈവത്തിന്റെ നീതിപരമായ ഭരണകൂടത്താലാണ് നിർമിച്ചിരിക്കുന്നത്. ഇത് തന്റെ ജനവുമായുള്ള ദൈവത്തിന്റെ യുഗപരവും ഭരണപരവുമായ ഇടപെടലുകളുടെ ഒരു വെളിപാടാണ്.

യിസ്രായേൽമക്കളെ നോക്കുക. ദൈവം അവരെ സ്നേഹിക്കുകയും മിസ്രയീമിൽനിന്ന് അവരെ വിടുവിക്കുകയും മരുഭൂമിയിൽ അവരെ

കരുതുകയും ചെയ്യുവെങ്കിലും, അവരുടെ മുഴുവൻ ചരിത്രവും ദൈവത്തിന്റെ ഭരണപരമായ ഇടപെടലുകളുടെ ഒരു ചിത്രമാണ്. മരുഭൂമിയിൽ ദൈവം യിസ്രായേല്യരോട് ഭരണപരമായ രീതിയിലാണ് ഇടപെട്ടത്. ഇതുനിമിത്തം, പുറപ്പാടിന്റെ സമയത്ത് മിസ്രയീമിൽനിന്ന് പുറത്തുവന്നവരിൽ അനേകരും കനാൻ എന്ന നല്ലദേശത്തിലേക്കു പ്രവേശിച്ചില്ല. ഉദാഹരണത്തിന്, ഒരു കൂശ്യ സ്ത്രീയെ വിവാഹം കഴിച്ചതിന് മോശെയെ വിമർശിച്ച അവന്റെ മൂത്ത സഹോദരിയായ മിര്യാമിനോട് ദൈവം ഇടപെട്ട രീതി പരിഗണിക്കുക (സംഖ്യ. 12:1-15). അവളുടെ വിമർശനത്തിന്റെ ഫലമായി, അവൾ കുഷ്ഠരോഗിയായി ത്തീരുകയും, ഏഴു ദിവസം പാളയത്തിനു പുറത്ത് അടച്ചിടുകയും ചെയ്യു. മാത്രമല്ല, ദൈവത്തിന്റെ ഭരണപരമായ ഇടപെടൽ നിമിത്തം നല്ല ദേശത്തിലേക്കു പ്രവേശിക്കുവാൻ അവളെ അനുവദിക്കാതിരി ക്കുകയും മരുഭൂമിയിൽവച്ച് അവൾ മരിക്കുകയും ചെയ്യു (സംഖ്യ. 20:1). അഹരോന്റെ കാര്യത്തിലും ഇങ്ങനെതന്നെയായിരുന്നു (സംഖ്യ. 20:22-29). മോശെപോലും ദൈവത്തിന്റെ ഭരണകൂടത്തെ തെറ്റായി സ്പർശിക്കുകയും, ദൈവം അവനോട് ഭരണപരമായി ഇടപെടുകയും ചെയ്യു (സംഖ്യ. 20:12). നല്ല ദേശത്തിലേക്കു പ്രവേശിക്കണമെന്ന് അവൻ ആത്മാർഥമായി ആഗ്രഹിക്കുകയും കാത്തിരിക്കുകയും ചെയ്യുവെങ്കിലും, അവനുമായുള്ള ഭരണപരമായ ഇടപെടൽ പ്രകാരം, അവനെ പ്രവേശിക്കുവാൻ ദൈവം അനുവദിച്ചില്ല. മോശെയോട് സഹതാപം ഉണ്ടായിട്ട്, നല്ലദേശത്തെ നോക്കുവാൻ ദൈവം അവനെ അനുവദിച്ചു (ആവ. 3:23-27; 4:21-22; 32:48-52). ദൈവത്തിന്റെ ഭരണകൂടത്തെ സ്പർശിക്കുന്നത് ഗൗരവമേറിയ ഒരു കാര്യമാണെന്ന് ഈ സംഭവങ്ങളിലൂടെ നാം കാണുന്നു.

ദൈവത്തിന്റെ ഭരണപരമായ ഇടപെടലുകളെ സംബന്ധിച്ച നീതിയുടെ വചനത്തെ ക്രിസ്ത്യാനികൾ മനസ്സിലാക്കുന്നില്ല. അങ്ങനെയുള്ള വചനങ്ങൾ കട്ടിയുള്ള എല്ലുകളായതുകൊണ്ട് അനേകരും അവയെ മനസ്സിലാക്കാൻ കഴിയാതെ എറിഞ്ഞുകളയുന്നു. എന്നാൽ ഈ വചനങ്ങളെ നാം മനസിലാക്കിയാലും ഇല്ലെങ്കിലും, നാം ഇപ്പോഴും ദൈവത്തിന്റെ ഭരണപരമായ ഇടപെടലുകളിൻ കീഴിലാണ്. പുറപ്പാട്, ലേവ്യ, സംഖ്യാ, ആവർത്തനം എന്നീ പുസ്തകങ്ങളിൽ നാം ദൈവത്തിന്റെ നീതിയുള്ള ഭരണപരമായ ഇടപെടലുകൾ കാണുന്നു. ദൈവത്തിന്റെ ഭരണപരമായ ഇടപെടലുകളെ സംബന്ധിച്ച വചനം നീതിയുടെ വചനമാണ്, അത് കൃപയുടെ വചനമോ ജീവന്റെ വചനമോ അല്ല.

നീതിയുടെ വചനം എന്താണെന്ന് നിങ്ങൾക്ക് ഇനിയും മനസ്സിലായില്ലെങ്കിൽ, എബ്രായർ 3-ഉം 4-ഉം വീണ്ടും .വായിക്കുക. ദൈവത്തിന്റെ വിശ്രമത്തിലേക്കു പ്രവേശിക്കാതിരിക്കുന്നതിനെ ക്കുറിച്ചുള്ള വചനം കൃപയുടെ വചനമല്ല, നീതിയുടെ വചനമാണ്. സങ്കീർത്തനം 95-ൽ നിന്നുള്ള ഒരു ഉദ്ധരണിയായ 3:15-ൽ നമ്മോടു

പറയുന്നു, "ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേട്ടാൽ, പ്രകോപനത്തിൽ എന്നപോലെ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്." നീതിയുടെ മറ്റൊരു വചനമായ എബ്രായർ 4:11 പറയുന്നു, "അതുകൊണ്ട് അനുസരണക്കേടിന്റെ അതേ ദൃഷ്ടാന്തപ്രകാരം ആരും വീണുപോകാതിരിക്കേണ്ടതിന് ആ വിശ്രമത്തിലേക്കു പ്രവേശിക്കുവാൻ നമുക്ക് ശുഷ്കാന്തിയുള്ളവരാകാം." നീതിയുടെ വചനം ദൈവത്തിന്റെ അരുളപ്പാടുകളുടെ ആരംഭത്തിലെ ആദിപാഠങ്ങളെക്കാൾ ആഴമുള്ളതാണെന്ന് ഓർക്കുക, കാരണം തന്റെ ജനവുമായുള്ള ദൈവത്തിന്റെ യുഗപരവും ഭരണപരവുമായ ഇടപെടലുകളിലുള്ള ദൈവത്തിന്റെ ന്യായത്തിന്റെയും നീതിയുടെയും ആഴമേറിയ ചിന്തകൾ അതിൽ ഉള്ളടങ്ങുന്നു.

ഇന്ന് വളരെ കുറച്ചു ക്രിസ്ത്യാനികൾ മാത്രമേ ഇത്തരത്തിലുള്ള വചനം ശ്രദ്ധിക്കുന്നുള്ളൂ. മടിയനായ ദാസനെ പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളയും എന്നു പറഞ്ഞുകൊണ്ട് നാൽപതു വർഷങ്ങൾക്കുമുമ്പ് മത്തായി 25-നെക്കുറിച്ച് ഞങ്ങൾ ജനത്തെ പഠിപ്പിക്കുവാൻ തുടങ്ങിയപ്പോൾ, ഞങ്ങളെക്കുറിച്ച് നിരവധി കിംവദന്തികൾ പരന്നു. രക്ഷിക്കപ്പെട്ട ഒരു വ്യക്തിയെ പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളയുവാൻ കഴിയുമെന്ന സത്യം അനാവരണം ചെയ്യുന്ന നീതിയുടെ വചനം ചിലർ സ്വീകരിക്കുകയില്ല. മത്തായി 25 കൃപയുടെ വചനമോ ജീവന്റെ വചനമോ അല്ല; അത് നീതിയുടെ വചനമാണ്. 1 കൊരിന്ത്യർ 3:12-15-ലും ഇത് അങ്ങനെതന്നെയാണ്. വചനത്തിന്റെ ആ ഭാഗത്ത്, സഭാജീവിതത്തിൽ നാം എങ്ങനെ പണിയുന്നുവെന്നു കരുതിക്കൊള്ളുവാൻ നമ്മോടു പറഞ്ഞിരിക്കുന്നു. മാനുഷികവും ജഡികവും ഭൗമികവുമായ രീതിയിൽ നാം പണിയുന്നുവെങ്കിൽ, നാം മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നു. ഈ വസ്തുക്കൾ ഉപയോഗിച്ചു പണിയുന്നതെല്ലാം വെന്തുപോകുകയും, അവയെക്കൊണ്ട് പണിയുന്നവർ നഷ്ടം സഹിക്കുകയും ചെയ്യും. രക്ഷിക്കപ്പെട്ട ഒരു വ്യക്തി നഷ്ടമായി പോകുമെന്ന് ഇതിനർഥമില്ല; അതിന്റെ അർഥം, അവൻ ചെയ്യുന്നതെല്ലാം വെന്തുപോകുമെന്നും, അവൻ "തീയിലൂടെ എന്നപോലെ രക്ഷിക്കപ്പെടും" എന്നുമാണ് (1 കൊരി. 3:15). ഇതു തീർച്ചയായും നീതിയുടെ വചനമാണ്. കുറച്ചു ക്രിസ്ത്യാനികൾ ഇങ്ങനെയുള്ള വചനത്തെ കരുതുന്നു. അവർക്ക് "മിഠായികൾ," അവരെ ആശ്വസിപ്പിക്കുകയും സാന്ത്വനപ്പെടുത്തുകയും ചെയ്യുന്ന ദൂതുകൾ, മാത്രമേ ആവശ്യമുള്ളൂ. കർത്താവിന്റെ നീതിയുടെ വചനം ശ്രദ്ധിച്ചില്ലെങ്കിൽ അവരെ പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളയുമെന്നോ (മത്താ. 25:30), "തീയിലൂടെ എന്നപോലെ രക്ഷിക്കപ്പെടും" എന്നോ (1 കൊരി. 3:15) ആരെങ്കിലും എഴുന്നേറ്റ് അവരോടു പ്രഖ്യാപിക്കുന്നുവെങ്കിൽ, അവർ അവനെ കേൾക്കാതെ അവനെ എതിർക്കുകയും

ദൈവനിഷേധിയായി കുറ്റംവിധിക്കുകയും ചെയ്യും. മിക്ക ക്രിസ്ത്യാനികൾക്കും "മിഠായികൾ" മാത്രമേ ആവശ്യമുള്ളൂവെങ്കിലും, എബ്രായലേഖനത്തിന്റെ ഈ ജീവപഠനത്തിൽ, നീതിയുടെ വചനം എന്ന കട്ടിയുള്ള ആഹാരത്തിനുവേണ്ടി കരുതുവാൻ ഞങ്ങൾ ഭാരമുള്ളവരായിരിക്കുന്നു. നാമെല്ലാവരും ഇക്കാര്യത്തിൽ ജാഗ്രത പാലിക്കണം, കാരണം ഒരു ദിവസം കർത്താവു നമ്മെ സന്ധിക്കും.

Mon → വെളിപ്പാട് പുസ്തകം ഒരു വാഗ്ദത്തത്തോടും ഒരു വിളിയോടുംകൂടെ അവസാനിക്കുന്നുവെന്ന് മുൻകാലങ്ങളിൽ നിരവധി തവണ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വെളിപ്പാട് 22:14-ലെ വാഗ്ദത്തം പറയുന്നു: "ജീവവൃക്ഷത്തിൽ അവകാശം ഉണ്ടാകേണ്ടതിനും കവാടങ്ങളിൽകൂടി നഗരത്തിലേക്കു പ്രവേശിക്കേണ്ടതിനും തങ്ങളുടെ അങ്കി കഴുകുന്നവർ അനുഗൃഹീതരാകുന്നു" (യവനഭാഷ). വിളിയെ സംബന്ധിച്ച് വാക്യം 17-ലാണ്: "വരിക! എന്ന് ആത്മാവും മണവാട്ടിയും പറയുന്നു. കേൾക്കുന്നവനും വരിക! എന്നു പറയട്ടെ: ദാഹിക്കുന്നവൻ വരട്ടെ: ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി എടുക്കട്ടെ." ഈ രണ്ടു വാക്യങ്ങളിൽ നമുക്ക് കൃപയുടെ വചനവും (വാ. 14) ജീവന്റെ വചനവും ഉണ്ട് (വാ. 17). എങ്കിലും, വെളിപ്പാട് പുസ്തകവും നീതിയുടെ വചനത്തോടുകൂടെ അവസാനിക്കുന്നു വെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത് വെളിപ്പാട് 22:12-ൽ നാം കാണുന്നു: "ഇതാ, ഞാൻ വേഗം വരുന്നു, ഓരോരുത്തനും അവന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിക്കൊടുക്കുവാൻ എന്റെ പക്കൽ എന്റെ പ്രതിഫലമുണ്ട്." അവന്റെ വരവിനായി നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ? അവന്റെ വരവ് കൃപയുടെ സമയമോ, ജീവന്റെ സമയമോ ആയിരിക്കുകയില്ല; അത് നീതിയുടെ സമയമായിരിക്കും. ഇക്കാരണത്താലാണ്, മറ്റുള്ളവരോടു പ്രസംഗിച്ച ശേഷം താൻ തന്നെ "നിരാകരിക്കപ്പെട്ടവൻ" ആയിപ്പോകുമെന്ന് (1 കൊരി. 9:27) വളരെയേറെ ആശങ്കപ്പെട്ടിരുന്ന പൗലൊസ് പറഞ്ഞത്, "ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും" (2 തിമൊ 4:7-8). വെളിപ്പാട് 2:10 ജീവകിരീടത്തെക്കുറിച്ചും 1 പത്രൊസ് 5:4 തേജസ്സിന്റെ കിരീടത്തെക്കുറിച്ചും പറയുന്നു, എന്നാൽ ഇവിടെ പൗലൊസ് നീതിയുടെ കിരീടത്തെക്കുറിച്ചു പരാമർശിക്കുന്നു. പല ക്രിസ്ത്യാനികളും കർത്താവിന്റെ വരവിനെക്കുറിച്ച് ജിജ്ഞാസുക്കളാണ്, എന്നാൽ അവൻ ഒരു പ്രതിഫലവുമായി വരുന്നുവെന്ന് അവർ മനസ്സിലാക്കുന്നില്ല. അവൻ കരുണയുടെ രണ്ടു കണ്ണുകളോടെയല്ല, ജ്വലിക്കുകയും തിരയുകയും ചെയ്യുന്ന ന്യായവധിയുടെ ഏഴു കണ്ണുകളോടെയാണു വരുന്നത്. ഇത് നീതിയുടെ വചനമാണ്.

നമുക്ക് "മധുരപലഹാരങ്ങളോ," "മിഠായികളോ" "പായസങ്ങളോ" ആവശ്യമില്ല. നമുക്കാവശ്യം നീതിയുടെ വചനം എന്ന കട്ടിയുള്ള ആഹാരമാണ്. ഈ ദൂതുകളിൽ കർത്താവ് ഗൗരവമായ ഒരു വാക്ക് നമുക്ക് വിടുവിച്ചിട്ടുണ്ട്. നാം നദി മുറിച്ചുകടന്ന് മുന്നോട്ടു പോകണം. കർത്താവിനെ മഠയനാക്കുവാൻ ശ്രമിക്കരുത്.

## IV. ഇന്ദ്രിയങ്ങളുടെ വിവേചനം

എബ്രായർ 5:14 പറയുന്നു, "എന്നാൽ കട്ടിയുള്ള ആഹാരം പൂർണവളർച്ച പ്രാപിച്ചവർക്കുള്ളതാകുന്നു, അവർ അഭ്യാസം നിമിത്തം നന്മയും തിന്മയും തമ്മിൽ വകതിരിച്ചറിയുന്നതിന് തങ്ങളുടെ ഇന്ദ്രിയങ്ങളെ പരിശീലിപ്പിച്ചവർ ആകുന്നു." "ഇന്ദ്രിയങ്ങൾ" എന്ന് വിവർത്തനം ചെയ്ത യവനപദത്തെ, നമ്മുടെ മാനസിക ശേഷിയെ മാത്രമല്ല ആത്മിക ഗ്രാഹ്യത്തെയും ആശ്രയിച്ചിരിക്കുന്ന ഗ്രഹണശക്തിയെ സൂചിപ്പിക്കുന്ന "അവബോധം" എന്നും വിവർത്തനം ചെയ്യാം. നമ്മുടെ മനസ്സിനെയും ആത്മാവിനെയും സൂചിപ്പിക്കുന്ന ഈ ഇന്ദ്രിയങ്ങൾ വിവിധതരം ദൈവവചനങ്ങൾ തമ്മിലുള്ള വ്യത്യാസത്തെ വിവേചിക്കുന്നു. ഇവിടെ ഉപയോഗിച്ചിരിക്കുന്ന "നന്മയും തിന്മയും" എന്ന പദങ്ങൾ ദൂതന്മാർ, മോശെ, അഹരോൻ എന്നിവരുടെ താഴ്ചയ്ക്കു വിരുദ്ധമായി ക്രിസ്തുവിന്റെ ശ്രേഷ്ഠതയും, പഴയ ഉടമ്പടിയുടെ താഴ്ചയ്ക്കു വിരുദ്ധമായി പുതിയ ഉടമ്പടിയുടെ ശ്രേഷ്ഠതയും എന്നപോലെ എന്താണ് താണത് എന്നതിന് വിരുദ്ധമായി എന്താണ് ശ്രേഷ്ഠമായത് എന്നതിനെയാണ് പരാമർശിക്കുന്നത്. ഈ വാക്യത്തിന്റെ സന്ദർഭമനുസരിച്ച്, കാര്യങ്ങളുടെ ധാർമിക സ്വഭാവത്തെക്കുറിച്ച് പരാമർശിക്കാതെ, വ്യത്യസ്ത ആഹാരങ്ങളെ തമ്മിൽ വിവേചിക്കുന്നതിന്റെ കാര്യത്തിനു സമാനമാണിത്. നാം ആഹാരത്തെ വിവേചിക്കുന്നതുപോലെ, ഒരു വചനം അതു പാലാണോ അതോ കട്ടിയുള്ള ആഹാരമാണോ എന്നു ചോദിച്ചുകൊണ്ട് നാം ദൈവത്തിന്റെ വചനത്തെ വിവേചിക്കുകയും വേർതിരിക്കുകയും വേണം. ഈ രീതിയിൽ നമുക്ക് നീതിയുടെ വചനത്തെ വിവേചിക്കുവാൻ കഴിയും.

## ക്രിസ്തുവിനെക്കുറിച്ചുള്ള ആരംഭ വചനം

## I. ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം

ക്രിസ്തുവിനെക്കുറിച്ചുള്ള ആരംഭ വചനമായതിനാൽ കൃപയുടെ വചനവും ജീവന്റെ വചനവും നല്ലതാണ്. അവ നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമാണ്. അടിസ്ഥാനം നല്ലതാണെങ്കിലും, നാം അത് വീണ്ടും വീണ്ടും ഇടരുത്. ഒരു മീറ്റിംഗ് ഹാൾ പണിയുന്ന കാര്യത്തിൽ നാം അങ്ങനെ ഒരു കാര്യം ചെയ്യുകയില്ല. അടിസ്ഥാനം നിർമാണം ആവശ്യപ്പെടുന്നു.

ക്രിസ്തുവിന്റെ ആരംഭ വചനത്തിൽ 6:1-ലും 2-ലും പറഞ്ഞിരിക്കുന്ന ആറ് വിഷയങ്ങൾ ഉൾപ്പെടുന്നു. മൂന്നു ജോടികളായി ക്രമീകരിച്ചിരിക്കുന്ന ഈ ആറ് വിഷയങ്ങൾ ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനത്തെ സംരചിക്കുന്നു. ഓരോ ജോടിയുടെയും ആദ്യത്തെ വിഷയം പ്രതിലേമാപരമായ ഒരു സാഹചര്യത്തിൽ നിന്ന് നാം പുറത്തു വരുന്നതിനെക്കുറിച്ച് സൂചിപ്പിക്കുകയും, അവസാനത്തെ വിഷയം അനുലോമപരമായ കാര്യങ്ങളിലേക്കു നാം പ്രവേശിക്കുന്നതിനെക്കുറിച്ച് സംസാരിക്കുകയും ചെയ്യുന്നു.

## II. ഒന്നാമത്തെ ജോടി

ഒന്നാമത്തെ ജോടി "നിർജീവപ്രവൃത്തികളിൽനിന്നുള്ള മാനസാന്തരവും, ദൈവത്തിലുള്ള വിശ്വാസവും" ആണ്. മാനസാന്തരം പ്രതിലോമവശത്തും ദൈവത്തിലുള്ള വിശ്വാസം അനുലോമവശത്തുമാണ് (മർക്കൊ. 1:15; പ്രവൃ. 20:21). ക്രിസ്തീയജീവിതം ഒന്നാമത് അടിസ്ഥാനപ്പെട്ടിരിക്കുന്നത് നമ്മുടെ മാനസാന്തരത്തിലും വിശ്വാസത്തിലുമാണ്. നിർജീവപ്രവൃത്തികളിൽനിന്നുള്ള മാനസാന്തരവും ദൈവത്തിലുള്ള വിശ്വാസവും ഒരു യഥാർഥ തിരിവാണ്. രക്ഷിക്കപ്പെടുന്നതിനുമുമ്പ് നാം ചെയ്തിട്ടുള്ള വേല നല്ലതായിരിക്കാം, എന്നാൽ അതു നിർജീവമായിരുന്നു. നാം നിർജീവപ്രവൃത്തികളിൽനിന്ന് മാനസാന്തരപ്പെടുകയും ദൈവത്തിലേക്കു വിശ്വസിക്കുകയും ചെയ്യണമായിരുന്നു.

## III. രണ്ടാമത്തെ ജോടി

രണ്ടാമത്തെ ജോടി "സ്നാനങ്ങളുടെ ഉപദേശവും കൈവയ്പും" ആണ്. പ്രതിലോമവശത്ത്, സ്നാനം പ്രതിലോമപരമായ കാര്യങ്ങളെ ഇല്ലാതാക്കുകയും (എബ്രാ. 9:10) പഴയ കാര്യങ്ങളെ അവസാനിപ്പിക്കുകയും ചെയ്യുന്നു (റോമ. 6:4). 9:10-ലും മർക്കൊസ് 7:4-ലുമുള്ള കഴുകലിനു തുല്യപദമായ "സ്നാനങ്ങൾ" ദൈവത്തിന്റെ സേവനത്തിനായി കൂടാരത്തിലോ ആലയത്തിലോ ഉപയോഗിക്കുന്ന ഉപകരണങ്ങളും പാത്രങ്ങളും കഴുകുന്നതിനെ പരാമർശിക്കുന്നു (ലേവ്യ 6:28). പുരോഹിതന്മാരുടെ കഴുകലുകളും ഒരുപക്ഷേ ഉൾപ്പെടുന്നുണ്ടാകും (പുറ. 30:18-21; ലേവ്യ. 16:4). ഇതു തീർച്ചയായും എബ്രായ വിശ്വാസികളുടെ പശ്ചാത്തലത്തോടു ബന്ധപ്പെട്ടിരിക്കുന്നു. എങ്കിലും, ഇത് തത്ത്വത്തിൽ പുതിയനിയമത്തിലെ സ്നാനംപോലെയാണ്, അതായത്, പ്രതിലോമ കാര്യങ്ങളെ കഴുകിക്കളയുകയും അവസാനിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ സ്നാനത്തിൽ നമ്മുടെ പഴയമനുഷ്യനെ നാം ഉപേക്ഷിക്കുകയും അവനെ കുഴിച്ചിടുകയും ചെയ്യു. അനുലോമവശത്ത്, കൈവെപ്പ് ദിവ്യകാര്യങ്ങളുമായുള്ള ഏകീകരണവും കൂട്ടായ്മയുമാണ്. പുരാതനകാലത്ത് ഒരു

യാഗം അർപ്പിക്കുമ്പോഴെല്ലാം, അർപ്പിക്കുന്നവൻ അതിന്മേൽ കൈവച്ചിരുന്നു, അവൻ യാഗവസ്തുവുമായി ഏകീകരിക്കുന്നുവെന്ന് അതു സൂചിപ്പിക്കുന്നു (ലേവ്യ. 1:4; 3:2). ഇക്കാരണത്താൽ, കൈവെപ്പ് ഏകീകരണത്തിനും ഐക്യത്തിനും വേണ്ടിയായിരുന്നു. മറ്റുള്ളവർക്ക് വരങ്ങൾ പകരുന്നതിനും ഇത് ഉപയോഗിച്ചിരുന്നു (1 തിമൊ. 4:14; 2 തിമൊ. 1:6). പൗലൊസ് തിമൊഥെയൊസിന്റെമേൽ കൈവച്ചപ്പോൾ അവനിലേക്ക് ഒരു ആത്മിക വരം പകരപ്പെടുകയായിരുന്നു.

## IV. മൂന്നാമത്തെ ജോടി

മൂന്നാമത്തെ ജോടിയിൽ "മരിച്ചവരുടെ പുനരുത്ഥാനവും നിത്യ ന്യായവിധിയും" ഉൾപ്പെടുന്നു. മരിച്ചവരുടെ പുനരുത്ഥാനം (മത്താ. 22:31; പ്രവൃ. 23:6; 24:21) പ്രതിലോമവശത്ത് മരണത്തിൽനിന്നും പാതാളത്തിൽനിന്നും കല്ലറയിൽനിന്നും പുറത്തുവരുന്നതാണ്. നിത്യ ന്യായവിധി (റോമ. 2:5; എബ്രാ. 9:27; വെളി 20:11-12) അനുലോമവശത്ത് നിത്യതയിലേക്കുള്ള പ്രവേശനവും നിത്യ ഭാഗധേയവും ആണ്. നാം രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ന്യായവിധി നമ്മെ നിത്യതയിലേക്കു കൊണ്ടുവരും. മരിച്ചുപോയ അവിശ്വാസികളുടെ കാര്യത്തിൽ ഇതുവരെ തീർപ്പുവരുത്തിയിട്ടില്ല. അവരെല്ലാം ഉയിർപ്പിക്കപ്പെട്ടുകഴിഞ്ഞാൽ മാത്രമേ അവരെ ന്യായംവിധിക്കുകയുള്ളൂ, ആ ന്യായവിധിയിലൂടെ അവർ നിത്യതയിലേക്ക് കൊണ്ടുവരപ്പെടും.

ഈ ആറ് വിഷയങ്ങളും നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമായ ക്രിസ്തുവിന്റെ ആരംഭ വചനമാണ്. ഈ വചനത്തിൽനിന്നും നീതിയുടെ വചനത്തിലേക്കു വരുവാൻ ഈ ലേഖനത്തിന്റെ എഴുത്തുകാരൻ എബ്രായ വിശ്വാസികളെ ഉത്സാഹിപ്പിക്കുകയായിരുന്നു. ഇന്ന് അനേകം ക്രിസ്ത്യാനികൾക്കും ക്രിസ്തുവിന്റെ ആരംഭ വചനംപോലും വേണ്ടുംവണ്ണം അറിയില്ല, നീതിയുടെ വചനം അതിലും വിരളം തന്നെ. എങ്കിലും, നാം മുന്നോട്ടു പോകണം. നമ്മുടെ അടിസ്ഥാനം ഇട്ടിരിക്കുന്നു, അതിന്മേൽ പണിയുവാൻ നാം മുന്നോട്ടുപോകണം. നാം മാനസാന്തരപ്പെടുകയും വിശ്വസിക്കുകയും ചെയ്തു. നാം സ്നാനമേൽക്കുകയും ക്രിസ്തുവിനോട് ഏകീഭവിക്കുകയും ചെയ്തിട്ടുണ്ട്, പുനരുത്ഥാനവും വരുവാനുള്ള ന്യായവിധിയും ഉണ്ടായിരിക്കുമെന്ന് നമുക്ക് ഉറപ്പുതന്നിരിക്കുന്നു. ഇത് വിശ്വസിക്കാത്തവൻ ഒരു യഥാർഥ വിശ്വാസിയല്ല. നാമെല്ലാവരും ഇതു വിശ്വസിക്കുകയും അടിസ്ഥാനമിടുകയും ചെയ്തിരിക്കുന്നതിനാൽ, പ്രാഥമിക വചനത്തിൽനിന്നും നീതിയുടെ വചനത്തിലേക്കും, അടിസ്ഥാന വചനത്തിൽനിന്നും തികവിന്റെ വചനത്തിലേക്കും, കെട്ടുപണിയുടെ വചനത്തിലേക്കും, കൃപയുടെയും ജീവന്റെയും വചനങ്ങളിനിന്നും ദൈവത്തിന്റെ നീതിയുള്ള ഭരണപരമായ ഇടപെടലുകളുടെ വചനത്തിലേക്കും നമുക്കു മുന്നോട്ടുപോകാം.